LIBRARY ARCHIVES Kerala Legislative Assembly

**കട്ടനാട്ടിലെ നീലംപേരൂർ പഞ്ചായത്തിൽ മത്സ്യസങ്കേതം (ഫിഷ് സാങ്ച്വറി)**

143 (3775) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാട്ടിലെ നീലംപേരൂർ പഞ്ചായത്തിൽ മത്സ്യസങ്കേതം (ഫിഷ് സാങ്ച്വറി) നിർമ്മിക്കുന്നതിന് കേരള തീരദേശ വികസന കോർപ്പറേഷൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് ഇതുവരെ എത്ര തുക അനുവദിച്ചുവെന്നും, ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) നീലംപേരൂർ പഞ്ചായത്തിൽ മത്സ്യസങ്കേതം പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കിയ എസ്റ്റിമേറ്റിന് 1-11-2014-ൽ ഫിർമ അംഗീകാരം നൽകുകയും അതനുസരിച്ച് 1-12-2014-ൽ ടെണ്ടർ ചെയ്യുകയുംചെയ്തു.

(ബി) 13-ാം ധനകാര്യ കമ്മീഷന്റെ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കുട്ടനാട്ടിലെ നീലംപേരൂർ പഞ്ചായത്തിൽ സാങ്ച്വറി നിർമ്മിക്കുന്ന പദ്ധതിക്കായി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തിട്ടുണ്ട്.

**മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ**

144 (3776) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ കടാശ്വാസം അനുവദിക്കുന്നതിന് അർഹരെന്ന് കണ്ടെത്തി സമർപ്പിച്ച ലിസ്റ്റിൽ ഉൾപ്പെട്ട എത്രപേർക്ക് ഇനിയും കടാശ്വാസം അനുവദിക്കുവാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കടാശ്വാസം അനുവദിക്കുന്നതിന് അർഹരായ എത്രപേരുടെ എത്ര ലിസ്റ്റുകളാണ് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സമർപ്പിച്ചതെന്നും ഏതൊക്കെ തീയതികളിലെന്നും വ്യക്തമാക്കാമോ ?